# ഈ കാമ്പസും ഓഫാകും

കുറിപ്പുകൾ

**ശിഹാബ് പൂക്കോട്ടൂർ**

**ന്യൂനപക്ഷ** സമൂഹത്തെ പരിഷ്കരിക്കാനുള്ള സംരംഭങ്ങളോട് തീക്ഷ്ണമാംവിധം ഇടഞ്ഞുനിന്ന ചരിത്രമാണ് കേരള രാഷ്ട്രീയത്തിന്റേത്. കീഴാളരുടെയും മത ന്യൂനപക്ഷങ്ങളുടെയും പാർശ്വവത്കൃതരുടെയും വിദ്യാഭ്യാസ പുരോഗതിയെ ജനാധിപത്യ ബോധത്തോടെ മാനിക്കാൻ കേരളത്തിന്റെ പൊതുബോധം മടിച്ചുനിന്നിട്ടുണ്ട്. വിദ്യാഭ്യാസം, വികസനം തുടങ്ങിയ പദാവലികളിൽ ഏകശിലാരൂപമായ ദേശസങ്കൽപ്പത്തെ (മത ജാതി സമീപനങ്ങളിൽ) കണ്ടെത്താൻ ഏറെ ഗവേഷണം ചെയ്യേണ്ടിവരും. മലബാർ – തിരുകൊച്ചി പ്രദേശങ്ങൾ സംസ്ഥാന ഭൂപടത്തിൽ പരസ്പരം ഇടഞ്ഞുനിൽക്കുന്നതായി കാണാം. അധികാര വിനിയോഗത്തിന്റെ ഏകക്രമങ്ങളാണ് ഇതിൽ നമുക്ക് കാണാൻ കഴിയുക. അനീതിയുടെയും അവകാശ നിഷേധത്തിന്റെയും ഒട്ടും രസകരമല്ലാത്ത പടപ്പാട്ട് തന്നെയാണ് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രവും. വിദ്യാർഥികളുടെയും സ്ഥാപനങ്ങളുടെയും എണ്ണത്തിന്റെ അസന്തുലിതത്വം, സർക്കാർ ഉദ്യോഗങ്ങളിലെ കുറഞ്ഞ പ്രാതിനിധ്യം എന്നിവ എങ്ങനെയാണ് ഒരു സമൂഹത്തെ ബാധിക്കുന്നതെന്ന് മലബാറിന്റെ സാമൂഹിക രാഷ്ട്രീയ ചരിത്രമെടുത്ത് പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. ദേശ സേവനത്തിന്റെയും കുടുംബ പ്രതീക്ഷകളുടെയും അനേകമായിരം അവസരങ്ങളാണ് കടലാസുകളിൽ മരിച്ച് കിടക്കുന്നത്. ഒരു രാഷ്ട്രീയ പാർട്ടിയുടെയും തെരഞ്ഞെടുപ്പ് അജണ്ടകളിൽപോലും ഇന്ന് നരേന്ദ്രൻ കമീഷൻ റിപ്പോർട്ട് ജിവിച്ചിരിക്കുന്നില്ല. ഈയൊരു സാമൂഹിക രാഷ്ട്രീയ പരിസരത്ത് നിന്നു കൊണ്ടാവണം അലീഗഢ് ഓഫ് കാമ്പസിനെയും വിലയിരുത്തേണ്ടത്.

**മലപ്പുറത്തിന്റെ മാത്രമല്ല കേരളത്തിന്റെ തന്നെ വിദ്യാഭ്യാസ ഭൂപടത്തിൽ സവിശേഷമായ ചലനങ്ങളുണ്ടാക്കാൻ കഴിയുന്ന ഒരു സ്ഥാപനമാണ് ഇവിടത്തെ രാഷ്ട്രീയപാർട്ടികളും അധികാരികളും ചേർന്ന് ഇല്ലായ്മ ചെയ്യുന്നത്. മലബാറിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സീറ്റുകളുടെ അപര്യാപ്തത പരിഹരിക്കുകയും ഒരു വിദ്യാഭ്യാസകുതിച്ചുചാട്ടത്തിന് വഴിയൊരുക്കുകയും ചെയ്യുന്ന സംരംഭത്തെ പ്രാദേശിക സങ്കുചിത രാഷ്ട്രീയ താൽപര്യംകൊണ്ട് തുടച്ചു നീക്കരുത്. മലപ്പുറത്തെ കലക്ടറേറ്റിനുമുന്നിൽ കുത്തിയിരുന്ന് സമരം ചെയ്യുന്നവർ സെക്രട്ടേറിയറ്റിൽ ചെന്ന് തല കാണിക്കാനും മലപ്പുറത്ത് മുഴുവൻ ഓടി നടന്ന് അലിഗഢ് പടപ്പാട്ട് പാടി നടക്കുന്നവർ കേന്ദ്രത്തിൽ പോയി നിയമനടപടികൾക്ക് ആക്കംകൂട്ടാനുമാണ് ശ്രമിക്കേണ്ടത്.**

2007 സെപ്റ്റംബർ 13-ന് ആയിരുന്നു വിദ്യാഭ്യാസ മന്ത്രി എം.എ ബേബി അലീഗഢ് സർവകലാശാലയുടെ ഓഫ് കാമ്പസ് തുടങ്ങുന്നതിനുള്ള നിർദേശം പരിഗണനയിലുണ്ടെന്ന് നിയമസഭയെ അറിയിച്ചത്. മലബാറിൽ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളൊരുക്കാത്തതിന്റെ പേരിൽ സർക്കാറിനെതിരെ ജ്വലിച്ചുയരുന്ന വിദ്യാർഥി സമരത്തിന്റെ അവസരത്തിലായിരുന്നു ഈ പ്രഖ്യാപനം. മലബാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവുകൾ കണ്ടെത്തി സമരത്തിന്റെ തീക്ഷ്ണമായ അധ്യായം തുറന്നത് എസ്.ഐ.ഒ ആയിരുന്നു. 15 മാസത്തിന് ശേഷം കഴിഞ്ഞ ഡിസംബർ 2-ന് ഓഫ് കാമ്പസിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് എവിടെയെത്തിയെന്ന നിയമസഭാ ചോദ്യത്തിന് മലപ്പുറം ജില്ല ആസ്ഥാനത്തിനടുത്ത് ഏറനാട് താലൂക്കിലെ 251

ഏക്കർ സ്ഥലം പരിഗണനയിലുണ്ടെന്നും കെ.എസ്.ഐ.ഡി.സിയുടെ സ്ഥലമായതിനാൽ വ്യവസായവകുപ്പുമായി ആലോചിച്ച് വരികയാണെന്നുമായിരുന്നു ബേബിയുടെ മറുപടി.

2007 ഡിസംബർ 2-ന് ചേർന്ന അലീഗഢ് യൂനിവേഴ്സിറ്റി കോർട്ട് യോഗത്തിൽ അലീഗഢ് ആക്ടിന്റെ 12 (2) വകുപ്പു പ്രകാരം അലീഗഢ് വിസിറ്റർ ആയ ഇന്ത്യൻ രാഷ്ട്രപതിയുടെ നിർദേശപ്രകാരം 5 സംസ്ഥാനങ്ങളിൽ സെന്റർ ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി അറ്റ് റിസർച്ച് സ്ഥാപിക്കാൻ തീരുമാനിച്ചു. 2008 ജനുവരി 17-ന് ചേർന്ന യൂനിവേഴ്സിറ്റി എക്സിക്യൂട്ടീവ് കൗൺസിൽ ഈ തീരുമാനത്തിന് മേലൊപ്പ് ചാർത്തി. ഈ 5 കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള ശിപാർശ 2008 ഫെബ്രുവരി 13-ന് യൂനിവേഴ്സിറ്റി കേന്ദ്ര സർക്കാറിന് സമർപ്പിച്ചു. ഓരോ കേന്ദ്രത്തിനും 400 കോടി വീതം ആകെ 2000 കോടി രൂപ പദ്ധതി നടത്തിപ്പിനായി യൂനിവേഴിസിറ്റിയുടെ നിർദേശ പ്രകാരം കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം അംഗീകരിച്ചു. നാല് സംസ്ഥാനങ്ങൾ സ്ഥലം നിർണയിക്കുകയും ചെയ്തു. പശ്ചിമ ബംഗാളിൽ മുർഷിദാബാദ്, മധ്യപ്രദേശിൽ ഭോപ്പാൽ, ബീഹാറിൽ കതിഹാർ, കേരളത്തിൽ മലപ്പുറം എന്നിവ.

**2007 സെപ്റ്റംബർ 13-ന് ആയിരുന്നു വിദ്യാഭ്യാസ മന്ത്രി എം.എ ബേബി അലീഗഢ് സർവകലാശാലയുടെ ഓഫ് കാമ്പസ് തുടങ്ങുന്നതിനുള്ള നിർദേശം പരിഗണനയിലുണ്ടെന്ന് നിയമസഭയെ അറിയിച്ചത്. മലബാറിൽ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളൊരുക്കാത്തതിന്റെ പേരിൽ സർക്കാറിനെതിരെ ജ്വലിച്ചുയരുന്ന വിദ്യാർഥി സമരത്തിന്റെ അവസരത്തിലായിരുന്നു ഈ പ്രഖ്യാപനം. മലബാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവുകൾ കണ്ടെത്തി സമരത്തിന്റെ തീക്ഷ്ണമായ അധ്യായം തുറന്നത് എസ്.ഐ.ഒ ആയിരുന്നു.**

മോഡൽ സ്കൂൾ, മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകൾ, സ്കൂൾ ഫോർ ലോ ആന്റ് മാനേജ്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഫോർ ലാംഗ്വേജ്, സോഷ്യൽ സയൻസ് അടക്കമുള്ളവ ഈ ഓഫ് കാമ്പസിൽ ഉണ്ടാകും. സംസ്ഥാന സർക്കാറിന് ചില്ലിക്കാശ് ചെലവില്ലാത്ത 400 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന അലീഗഢ് ഓഫ് കാമ്പസിന് പാണക്കാട്ടെ ഭൂമി കൈമാറുന്ന പ്രക്രിയ മന്ദഗതിയിലാക്കുകയായിരുന്നു. ഈ സമയം ഓഫ് കാമ്പസിനുള്ള നിർദിഷ്ട ഭൂമി വിട്ടുതരണമെന്ന് ആവശ്യവുമായി പ്രവാസി വ്യവസായികൾ വ്യവസായവകുപ്പിനെ സമീപിക്കുന്നു. രണ്ടാഴ്ചകൊണ്ട് ഇതേ ഭൂമിയിൽ സ്വകാര്യ സംരംഭത്തിന് ധാരണാപത്രം ഉണ്ടാക്കാൻ അനുമതി നൽകുന്നു. അതിനു ശേഷം വിദ്യാഭ്യാസ മന്ത്രി പെരിന്തൽമണ്ണക്കടുത്ത ആനമങ്ങാട്ടെ ചേലാമല കയറുന്നു. അവിടെ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 753.93 ഏക്കർ ഭൂമി സന്ദർശിക്കുന്നു. തുടർന്ന് പ്രസ്തുത സ്ഥലം അലീഗഢ് കാമ്പസിന് പരിഗണിക്കാമെന്ന് എം.എൽ.എ ശശികുമാർ അപേക്ഷ നൽകുന്നു. പാണക്കാട് തന്നെ വേണമെന്ന് ലീഗും മലപ്പുറത്ത് മതിയെന്ന് സി.പി.എമ്മും മലപ്പുറത്ത് വേണ്ട എന്ന് ബി.ജെ.പിയും കേരളത്തിലെവിടെയായാലും കുഴപ്പമില്ലെന്ന് കോൺഗ്രസും പ്രസ്താവനകളിറക്കി നെറികേടിന്റെ രാഷ്ട്രീയ അധ്യായങ്ങൾ പതുക്കെ തുറക്കാൻ തുടങ്ങി. വ്യവസായികളുടെ സ്വാശ്രയ വാഴ്സിറ്റിക്ക് വേണ്ടിയാണ് കേരള സർക്കാർ ഭൂമി കൈമാറിയത്. പെരിന്തൽമണ്ണയിലെ ഭൂമി സ്വകാര്യ വ്യക്തികളുടേത് ആയതിനാൽ അതിന്റെ കൈമാറ്റ പ്രക്രിയക്ക് കാലതാമസം നേരിടും. പെരിന്തൽമണ്ണയിൽ സ്ഥാപിക്കുമെന്ന പ്രസ്താവന നിലവിലെ രാഷ്ട്രീയ കോലാഹലങ്ങളിൽനിന്നും ഒളിച്ചോടാനുള്ള ഉപാധിയാകാൻ സാധ്യതകൾ ഏറെയാണ്. പാണക്കാട്ടുള്ള ഭൂമി സർക്കാറിന് വേഗത്തിൽ കൈമാറാൻ സാധിക്കുന്നതിനാൽ സർക്കാർ ഭൂമിയിലാവുക എന്നതാണ് അതിന്റെ പ്രായോഗികമായ പരിഹാരം. ആത്മാർഥതയുടെ ലക്ഷണവുമതാണ്. എന്നാൽ പാണക്കാട്ടെ ഭൂമി കാമ്പസിന് മതിയാവുകയില്ലെന്ന് കള്ളം പറയാൻ കൂടി അധികാരികൾക്ക് മടിയുണ്ടായില്ല. മലപ്പുറത്തിന്റെ മാത്രമല്ല കേരളത്തിന്റെ തന്നെ വിദ്യാഭ്യാസ ഭൂപടത്തിൽ സവിശേഷമായ ചലനങ്ങളുണ്ടാക്കാൻ കഴിയുന്ന ഒരു സ്ഥാപനമാണ് ഇവിടത്തെ രാഷ്ട്രീയപാർട്ടികളും അധികാരികളും ചേർന്ന് ഇല്ലായ്മ ചെയ്യുന്നത്. മലബാറിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സീറ്റുകളുടെ അപര്യാപ്തത പരിഹരിക്കുകയും ഒരു വിദ്യാഭ്യാസ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുകയും ചെയ്യുന്ന സംരംഭത്തെ പ്രാദേശിക സങ്കുചിത രാഷ്ട്രീയ താൽപര്യംകൊണ്ട് തുടച്ചു നീക്കരുത്. മലപ്പുറത്തെ കലക്ടറേറ്റിനുമുന്നിൽ കുത്തിയിരുന്ന് സമരം ചെയ്യുന്നവർ സെക്രട്ടറിയേറ്റിൽ ചെന്ന് തല കാണിക്കാനും, മലപ്പുറത്ത് മുഴുവൻ ഓടി നടന്ന് അലിഗഢ് പടപ്പാട്ട് പാടിനടക്കുന്നവർ കേന്ദ്രത്തിൽ പോയി നിയമനടപടികൾക്ക് ആക്കംകൂട്ടാനുമാണ് ശ്രമിക്കേണ്ടത്. രാഷ്ട്രീയ മാമാങ്കങ്ങൾകൊണ്ട് സംഹാരത്തിന്റെ ചരിത്രം മാത്രം പറയാനുള്ളവർ ഈ കാമ്പസ് കൊണ്ടുവന്നിട്ടെങ്കിലും അതിന് വേണ്ടി പ്രായശ്ചിത്തം ചെയ്യണം. സെക്രട്ടറിയേറ്റിലും കലക്ടറേറ്റുകളിലും തൊഴുത്ത്കെട്ടി ചാണകമിടുന്നത് വരേണ്യ പശുക്കൾ തന്നെയാണെങ്കിൽ ഈ കാമ്പസും ഓഫാകും. അതിനുമുമ്പ് കരുത്തുള്ള ജനകീയ പ്രക്ഷോഭത്തിന് മാത്രമേ ഇത് യാഥാർഥ്യമാക്കാൻ കഴിയൂ. ■